**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **14.07.2016 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 1615**

## സിഡ്‌കോയുടെ ടൂൾ ഫാക്ടറിക്ക് ഐ.എസ്.ആർ.ഒ -യിൽ നിന്നും ലഭിച്ച ഓർഡർ

............................

ചോദ്യം
ശ്രീ. പി.റ്റി.എ. റഹീം.

**മറുപടി**
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) സിഡ്‌കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ ഫാക്ടറിക്ക് ഐ.എസ്.ആർ.ഓ-യിൽ നിന്നും ലഭിച്ച എത്ര രൂപയുടെ ഓർഡറാണ് ഇനിയും പ്രവൃത്തി പൂർത്തിയാവാതെ കിടക്കുന്നത് ; വിശദമാക്കാമോ ; | (എ) : ഐ.എസ്.ആർ.ഓ-യിൽ നിന്നും ലഭിച്ച രണ്ടു കോടി പത്തു ലക്ഷം രൂപയുടെ ഓർഡറാണ് ഇനിയും പ്രവൃത്തി പൂർത്തിയാവാതെ കിടക്കുന്നത് |
| (ബി) ഇത് നിർമ്മിച്ചു നൽകാൻ ആവശ്യമായ ജീവനക്കാർ അവിടെ നിലവിലുണ്ടോ ; എന്ന് വ്യക്തമാക്കാമോ ; | (ബി) : ഇത് നിർമ്മിച്ചു നൽകാൻ ആവശ്യമായ ജീവനക്കാരില്ലാത്ത സാഹചര്യത്തിൽ കരാർ ജീവനക്കാരെ നിയോഗിച്ച് പ്രസ്തുത ഓർഡർ പൂർത്തീകരിച്ചു വരുകയായിരുന്നു , എന്നാൽ അപ്രകാരമുള്ള കരാർ നിയമനം നിയമ വിരുദ്ധമാണെന്ന് ബോധ്യപ്പെട്ടതിനാൽ പത്ര പരസ്യം വഴി അവശ്യമായ തൊഴിലാളികളെ നിയമിക്കാനുള്ള നടപടിക്രമം ആരംഭിക്കുകയും പ്രസ്തുത യുണിറ്റിന്റെ പ്രവർത്തനക്ഷമത ഉറപ്പു വരുത്തുന്നതിന് "പീസ് റേറ്റ്" അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ഉത്പാദനം അരംഭിക്കുകയും ചെയ്തു. |
| (സി) യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നാൽ ഐ.എസ്.ആർ.ഒ. തുടർന്ന് ഓർഡർ നൽകുവാനുള്ള സാധ്യതയില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) : മേൽപ്പറഞ്ഞ പ്രകാരം അടിയന്തര നടപടി സ്വീകരിച്ചതിനാൽ ഐ.എസ്.ആർ.ഒ-യുടെ ഓർഡർ നഷ്ടപ്പെടുകയില്ല. |

സെക്ഷൻ ഓഫീസർ.